"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികവർഗ്ഗ വികസന വകുപ്പ് - ചികിത്സാധനസഹായം - ശ്രീ. ഷോബിൻ എം. കെ, കൊടന്നോടൻ വീട്, പെരുവ, കോളയാട് എന്നയാൾക്ക് ബഹു. പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (പി എം) വകുപ്പ്**

സ.ഉ.(സാധാ) നം.322/2026/SCSTD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- 1. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 24/01/2026 ലെ C2/11003/2023/STDD നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിൽ കണ്ണൂർ ഐ.ടി.ഡി.പി ഓഫീസറുടെ അധികാര പരിധിയിലുള്ള കോളയാട് ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരനും പട്ടികവർഗ്ഗ കുറിച്യൻ സമുദായാംഗവുമായ ശ്രീ. ഷോബിൻ എം. കെ, കൊടന്നോടൻ വീട്, പെരുവ, കോളയാട് എന്നയാളുടെ ഒരു വയസുള്ള മകന് തലച്ചോറിൽ നീർക്കെട്ട് ബാധിച്ചതിനെ തുടർന്ന് പെരുവ PHC യിൽ ചികിത്സിച്ചിരുന്നു എന്നും എന്നാൽ അസുഖം മൂർച്ഛിച്ചതിനെ തുടർന്ന് കുട്ടിയുടെ ജീവൻ രക്ഷിക്കുന്നതിനായി സ്വകാര്യ ആശുപത്രിയിലേക്ക് കൊണ്ടു പോകുകയാണുണ്ടായത് എന്നും ടി ആശുപത്രിയിൽ കുട്ടിക്ക് അടിയന്തിര ശസ്ത്രക്രിയ നടത്തുകയുണ്ടായി എങ്കിലും ചികിത്സയിലിരിക്കെ കുട്ടി മരണപ്പെട്ടതായും കുട്ടിയുടെ ചികിത്സയ്ക്കായി 5,27,227/- രൂപ ചെലവായിട്ടുണ്ടെന്നും സാമ്പത്തികമായി കഷ്ടതയനുഭവിക്കുന്ന അപേക്ഷകന് സ്വകാര്യ ആശുപത്രിയിൽ ചെലവായ തുക ബഹു. പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശകത്ത് പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഷോബിൻ എം. കെ, കൊടന്നോടൻ വീട്, കിഴക്കേച്ചാൽ , പെരുവ, കോളയാട് എന്നയാൾക്ക് ചികിത്സ ധനസഹായമായി ₹ 1,00,000/- ( ഒരു ലക്ഷം രൂപ മാത്രം) ബഹു. പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ.പി.എസ്

അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം

2. ശ്രീ. ഷോബിൻ എം. കെ, കൊടന്നോടൻ വീട്, കിഴക്കേച്ചാൽ,പെരുവ, P O,കോളയാട് ,കണ്ണൂർ ജില്ല-670650.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ) കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ) കേരള, തിരുവനന്തപുരം
5. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Abhilash Kumar V S
സെക്ഷൻ ഓഫീസർ
Date: 12-03-2026 10:51:59

<u>പകർപ്പ്</u>

1. ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ പി എസ്
2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി എ
3. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ
4. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ